ചികിത്സാ രേഖകളും ഹാജരാക്കണം. അപകടമരണത്തിനിരയാകുന്ന പ്രായപൂർത്തിയായവരുടെ ആശ്രിതർക്ക് 30,000 രൂപയും കുട്ടികളുടെ രക്ഷിതാക്കൾക്ക് 15,000 രൂപയും അനുവദിക്കാറുണ്ട്. അപേക്ഷയോടൊപ്പം എഫ്.ഐ.ആർ. പോസ്റ്റ്മോർട്ടം, മരണ സർട്ടിഫിക്കറ്റ് എന്നിവയുടെ പകർപ്പും ഹാജരാക്കണം. എലിപ്പനിമൂലം മരിക്കുന്നവരുടെ ആശ്രിതർക്ക് 5000 രൂപ അനുവദിച്ച് കൊടുക്കാറുണ്ട്. മരണം എലിപ്പനി മൂലമാണെന്നു തെളിയിക്കുന്ന ആശുപത്രി രേഖയുടെ പകർപ്പ് അപേക്ഷയോടൊപ്പം ഹാജരാക്കണം കൂടാതെ വളർത്തു മൃഗങ്ങളെ നഷ്ടപ്പെട്ടവർ, തീപ്പിടുത്തംമൂലം നാശനഷ്ടം സംഭവിച്ചവർ എന്നിവർക്കും ധനസഹായം അനുവദിക്കാറുണ്ട്. വസ്തുവകകൾക്കുണ്ടാകുന്ന നാശനഷ്ടത്തിന് നഷ്ടത്തിന്റെ പത്ത് ശതമാനം വരെയോ അല്ലെങ്കിൽ 2000 രൂപ വരെയോ ഏതാണ് കൂടുതൽ അത് അനുവദിക്കാറുണ്ട്. സാധാരണഗതിയിൽ ഓരാൾക്ക് ഒരു തവണയിൽ കൂടുതൽ ധനസഹായം അനുവദിക്കാറില്ല. എന്നാൽ ഒന്നിൽ കൂടുതൽ പ്രാവശ്യം ധനസഹായം അനുവദിക്കുന്നതിനുള്ള വിവേചനാധികാരം സർക്കാരിനുണ്ട്.

(ബി) തൃശ്ശൂർ ജില്ലയിൽ 6211 അപേക്ഷകർക്കായി 1,56,47,351 രൂപ അനുവദിച്ചിട്ടുണ്ട്. അതിൽ 6031 പേർക്കായി 1,52,92,851 രൂപ വിതരണം ചെയ്തിട്ടുണ്ട്.

(സി ആന്റ് ഡി) ശ്രീമതി ഇ. കെ. ബീനയ്ക്ക് 15-3-2005-ലെ സ.ഉ. (സാധാ) 1442/05/റവ. പ്രകാരം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്ന് ചികിത്സാസഹായമായി 5000 രൂപ അനുവദിച്ച് ഉത്തരവായിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്. †

മുഖ്യമന്ത്രിയുടെ ചികിത്സാ സഹായം

58 [3109] ശ്രീ. യു. സി. രാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് എത്രപേർക്ക് മുഖ്യമന്ത്രിയുടെ ചികിത്സാ സഹായം വിതരണം ചെയ്തു എന്ന് വ്യക്തമാക്കാമോ;

(ബി) ഇതിനുവേണ്ടി എന്ത് തുക ചെലവായിയെന്ന് വ്യക്തമാക്കാമോ;

(സി) കുന്ദമംഗലം നിയോജകമണ്ഡലത്തിലെ എത്ര പേർക്ക് എന്തു തുക വീതം വിതരണം ചെയ്തു എന്ന് പേരുവിവരം ഉൾപ്പെടെ വെളിപ്പെടുത്താമോ?

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ ആന്റ് ബി) ചികിത്സാ സഹായം വിതരണം ചെയ്തതിന്റെ വിവരം താഴെ കൊടുക്കുന്നു.

ജില്ല	ആളുകളുടെ എണ്ണം	തുക
കാസർഗോഡ്	2266	43,37,700
കണ്ണൂർ	2819	1,10,86,310
ആലപ്പുഴ	5345	1,33,14,896
കൊല്ലം	3282	74,32,558
തൃശ്ശൂർ	5444	1,27,75,000
കോട്ടയം	11511	1,23,70,792
കോഴിക്കോട്	4653	1,23,74,000
പാലക്കാട്	2814	86,58,000

മറ്റ് ജില്ലകളിൽ നിന്നുള്ള വിവരങ്ങൾ ശേഖരിച്ച് നൽകുന്നതാണ്.

(സി) നിയോജകമണ്ഡലാടിസ്ഥാനത്തിൽ കണക്കുകൾ ലഭ്യമല്ല.

സാമ്പത്തിക സഹായത്തിനായി നൽകിയ നിവേദനം

59 [3110] ശ്രീ. ടി. എം. ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിൽ സേനാപതി പഞ്ചായത്തിൽ മംഗളാംകുന്നിൽ ജോൺ 10-11-2004-ൽ കടബാദ്ധ്യതമൂലം ആത്മഹത്യ ചെയ്തതായി ജോണിന്റെ ഭാര്യ അച്ചാമ്മ മുഖ്യമന്ത്രിക്ക് നിവേദനം സമർപ്പിച്ചിരുന്നുവോ;

(ബി) ഇതിന്മേൽ എന്തു നടപടികൾ സ്വീകരിച്ചു;

(സി) കടബാദ്ധ്യതമൂലം ആത്മഹത്യ ചെയ്ത ബേബി എന്നു വിളിക്കുന്ന ജോണിന്റെ കുടുംബത്തിന് സാമ്പത്തിക സഹായം നൽകാൻ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) സേനാപതി സഹകരണ ബാങ്കിൽ നിന്നും മറ്റും എടുത്തിട്ടുള്ള കടബാദ്ധ്യതകളെപ്പറ്റി തിട്ടപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly